**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ബാബു മനോളി യുടെ ഭവന നിർമ്മാണ വായ്പ്പയിൽ പലിശയിനത്തിലെ ബാധ്യത ഒഴിവാക്കിയും മുതലിനത്തിലെ ബാധ്യതയിൽ നിന്നും 1,19,222/- രൂപ എഴുതിത്തള്ളിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ ) നം.**1071/2017/**തസ്വഭവ      തീയതി, തിരുവനന്തപുരം,04/04/2017

---

പരാമർശം : 1. ശ്രീമതി.ജയലക്ഷ്മി.പി.പി യുടെ 21.02.2016 ലെ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടറുടെ 28.07.2016 തീയതിയിലെ എ 3-47227/14 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ബാബു മനോളി യുടെ ഭവന നിർമ്മാണ വായ്പയായി കൈപ്പറ്റിയ തുകയുടെ തിരികെ അടയ്ക്കാനുള്ള ബാധ്യത ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ടിയാന്റെ വിധവ ശ്രീമതി. ജയലക്ഷ്മി. പി.പി പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ബാബു മനോളി 3,50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. അദ്ദേഹം 06.06.2014 ൽ അന്തരിച്ചു. ടി ഭവന നിർമ്മാണ വായ്പയിൽ 2,26,500/- രൂപ മുതലും പലിശ 80,778/- രൂപയും ബാധ്യതയായി നിൽപ്പുണ്ട്. ടിയാന്റെ ഭവന നിർമ്മാണ വായ്പയിൽ ഇളവ് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് ടിയാന്റെ വിധവ ആവശ്യപ്പെട്ടിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാന്റെ ആശ്രിതരായി ഭാര്യയും രണ്ട് മക്കളും മാതാവുമാണുള്ളത്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായി ജോലി ചെയ്തു വരവേ 06.06.2014-ൽ അന്തരിച്ച ബാബു മനോളി യുടെ ഭവന നിർമ്മാണ വായ്പ്പയിൽ പലിശയിനത്തിലെ ബാധ്യതയായ **80,778/-** രൂപ ഒഴിവാക്കുന്നതിനും, മുതലിനത്തിലെ ബാധ്യതയിൽ നിന്നും 1,19,222/- രൂപ " 2075-00-795-98 HBA write off " എന്ന ശീർഷകത്തിൽ ചെലവും " 7610-00-201-98-HBA-" എന്ന

ശീർഷകത്തിൽ വരവും കാണിച്ച് എഴുതിത്തള്ളിയും ഉത്തരവാകുന്നു. മുതലിനത്തിൽ ശേഷിക്കുന്ന 1,07,278/- രൂപ ടിയാന്റെ DCRG യിൽ നിന്നും ഈടാക്കേണ്ടതും DCRG മതിയായില്ലെങ്കിൽ ബാക്കി തുക അനന്തരാവകാശികളോട് ഒരുമിച്ച് അടയ്ക്കാൻ ആവശ്യപ്പെടേണ്ടതും അടയ്ക്കാത്തപക്ഷം റവന്യു റിക്കവറി നടത്തേണ്ടതുമാണ് എന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്. മോഹൻദാസ്**

**ഗവ. ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ശ്രീമതി ജയലക്ഷ്മി.പി.പി, W/o ലേറ്റ് ബാബു മനോളി, മനോളി ഹൗസ്, വിളമന അംശം, വിളമന ദേശം, ഇരിട്ടി.പി.ഒ, കണ്ണൂർ, 670703(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.

ധനവകുപ്പ് ( 04.02.2017 ലെ 168/എച്ച്ബിഎ 1/2016/ധന നമ്പർ കുറിപ്പ്)

ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/175/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ